**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 850** **10-08-2023 - ൽ മറുപടിയ്ക്ക്**

**തിരൂർ മണ്ഡലത്തിലെ ഭൂരഹിത-ഭവന രഹിതരായ പട്ടികജാതി കുടുംബങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കുറുക്കോളി മൊയ്തീൻ | | ശ്രീ. കെ. രാധാകൃഷ്ണൻ<br>(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി) | |
| (എ) | തിരൂർ മണ്ഡലത്തിൽ ഭൂരഹിതരായിട്ടുള്ളതും ഭവനരഹിതരായിട്ടുള്ളതുമായ പട്ടികജാതി കുടുംബങ്ങളുടെ എണ്ണം എത്രയാണെന്ന് ഗ്രാമപഞ്ചായത്ത് അടിസ്ഥാനത്തിൽ ലഭ്യമാക്കുമോ; | (എ) | വിവരങ്ങൾ അനുബന്ധം(1) ആയി ചേർക്കുന്നു. |
| (ബി) | പ്രസ്തുത ഭൂരഹിത-ഭവനരഹിത കുടുംബങ്ങൾക്ക് ഭൂമിയും, ഭവനവും അനുവദിക്കുന്നതിനായി നടപടികൾ സ്വീകരിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ; | (ബി) | പട്ടികജാതി വിഭാഗത്തിൽപ്പെട്ട ഭൂരഹിത കുടുംബങ്ങൾക്ക് ഭവനനിർമ്മാണത്തിനായി 3 മുതൽ 5 സെന്റ് വരെ ഭൂമി വാങ്ങുന്നതിന് ധനസഹായം അനുവദിക്കുന്ന ഭൂരഹിതപുനരധിവാസ പദ്ധതി വകുപ്പ് മുഖേന നടപ്പിലാക്കി വരുന്നു. കൂടാതെ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ മുഖേനയും ഭൂമി അനുവദിച്ചു വരുന്നു. ഇപ്രകാരം ഭൂമി ലഭിക്കുന്നവർക്ക് ലൈഫ് പദ്ധതിയിൽ ഉൾപ്പെടുത്തി ഭവനനിർമ്മാണ സഹായം അനുവദിക്കുന്നുണ്ട്. |
| (സി) | മണ്ഡലത്തിലെ അർഹരായ പട്ടികജാതി വിഭാഗത്തിലെ ഗുണഭോക്താക്കൾക്ക് ലൈഫ് ഭവന പദ്ധതി, സേഫ് പദ്ധതി (സെക്യൂർ അക്കൊമഡേഷൻ ആൻറ് ഫെസിലിറ്റി എൻഹാൻസ്മെന്റ് ) എന്നിവ പ്രകാരം 2016 മുതൽ നാളിതുവരെ എത്ര പേർക്ക് ധനസഹായം അനുവദിച്ചിട്ടുണ്ടെന്ന വിവരം ലഭ്യമാക്കുമോ? | (സി) | വിവരങ്ങൾ അനുബന്ധം (2) ആയി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

MINISTER

<u>അനുബന്ധം (1)</u>

| ഗ്രാമപഞ്ചായത്ത് | ഭവനരഹിതർ | ഭൂരഹിതർ |
|---|---|---|
| തലക്കാട് | 98 | 39 |
| തിരുനാവായ | 71 | 108 |
| ആതവനാട് | 64 | 72 |
| കൽപ്പകഞ്ചേരി | 4 | 5 |
| വളവന്നൂർ | 21 | 27 |
| വെട്ടം | 18 | 50 |
| തിരൂർ മുൻസിപ്പാലിറ്റി | 88 | 112 |
| **ആകെ** | **364** | **413** |

**അനുബന്ധം (2)**

| ഗ്രാമപഞ്ചായത്ത് | ലൈഫ് ഭവന പദ്ധതി | സേഫ് പദ്ധതി |
|---|---|---|
| തലക്കാട് | 85 | 2 |
| തിരുനാവായ | 89 | 3 |
| ആതവനാട് | 51 | 6 |
| കൽപ്പകഞ്ചേരി | 9 | 0 |
| വളവന്നൂർ | 10 | 2 |
| വെട്ടം | 44 | 2 |
| തിരൂർ മുൻസിപ്പാലിറ്റി | 81 | 2 |
| **ആകെ** | 369 | 20 |